The Heavenly Light Ministry

ആരാധിപ്പാൻ യോഗ്യൻ സ്തുതികളിൽ വസിക്കും
ആത്മനാഥനെ ആരാധിച്ചീടാം
ആത്മാവിൻെറ നിറവിൽ കുരിശിൻെറ മറവിൽ
ആത്മമണാളനെ ആരാധിച്ചീടാം

ധനം ബലം ജ്ഞാനം ശക്തി ബഹുമാനം
സ്വീകരിപ്പാൻ യോഗ്യനവനെ
മഹത്വം പുകഴ്ചയും സർവ്വം സമർപ്പിച്ചെന്നും
സത്യത്തിൽ നാം ആരാധിച്ചീടാം

കുരുടരും ചെകിടരും മൂകരും മുടന്തരും
കർത്താവിനെ ആരാധിക്കുമ്പോൾ
ജീവൻ ലഭിച്ചവർ നാം ജീവനുള്ളവരെപ്പോൽ
ജീവനിലെന്നും ആരാധിച്ചീടാം

ഹല്ലേലുയ്യാ സ്തോത്രം ഹല്ലേലുയ്യാ സ്തോത്രം
വല്ലഭനാമെൻ രക്ഷകനേശുവിനു
എല്ലാനാവും പാടീടും മുഴങ്കാൽ മടങ്ങീടും
യേശുരാജനെ ആരാധിച്ചീടാം